# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P24/500/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
3.അസി.ഡവലപ്മെന്റ് കമ്മീഷണർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4.കാര്യാലയ പകർപ്പ്

നമ്പർ: No.KSA PKD-P24/500/22 തീയ്യതി: 15/06/2022

## പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 12-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-01-2022 | 24-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-01-2022 | 24-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ. പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
കെ.സി.ഹരിഗോബിന്ദ്,അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| വി.എം.മുഹമ്മദാലി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| സജിത വിനോദ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ജി.വരുൺ | സെക്രട്ടറി | 01-04-2020 | 01-02-2021 |
| സരിത എ.കെ | സെക്രട്ടറി | 02-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജുവൈന പി ഖാൻ | അസി.എക്സി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| റഫീക്ക് ടി.ഐ.എം | അസി.എഞ്ചിനീയർ | 01-04-2020 | 10-08-2020 |
| അരുൺ ടി | അസി.എഞ്ചിനീയർ | 11-08-2020 | 08-02-2021 |
| സന്തോഷ് കുമാർ എ.എസ് | അസി.എഞ്ചിനീയർ | 09-02-2021 | 31-03-2021 |
| ദീപ കെ.പി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| സിന്ധു എൽ | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ഗീത കെ.പി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| സജിനി പി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശബാന എ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 07-01-2021 |
| വി.പീതാംബരൻ | വ്യവസായ വികസന ഓഫീസർ | 08-01-2021 | 31-03-2021 |
| സി.ജെ.ജാസ്മിൻ | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 18-06-2020 |
| റീന വി.ജെ | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 19-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-4 |
| 6 | പദ്ധതിഅവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 18-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-7 |
| 9 | സ്കൂളുകളിലേക്ക് ഷീ-പാഡ് പദ്ധതി- നിർവഹണത്തിലെ അപാകങ്ങൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-8 |
| 10 | പഠന മുറി - പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-9 |
| 11 | പഠന മുറി - പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-9-1 |
| 12 | വാദ്യോപകരണങ്ങൾ വാങ്ങുവാൻ അടവാക്കിയ ഗുണഭോക്തൃ വിഹിതം.വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-10 |
| 13 | വാദ്യോപകരണങ്ങൾ വാങ്ങുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ - ക്രമവിരുദ്ധം.<br>Written By: K.C.Harigobind (Senior Grade Auditor, On 28-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-10-1 |
| 14 | വ്യവസായ വികസന രംഗത്ത് പ്രൊജക്കുകൾ നടപ്പിലാക്കപ്പെടുന്നില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-11 |
| 15 | മതിയായ രേഖകൾ ഇല്ലാതെ അസി.എക്സി.എഞ്ചിനീയർക്ക് വാഹന വാടക അനുവദിച്ച നടപടി- 262140 രൂപയുടെ ചലവ് തടസ്സപ്പെടുത്തുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-12 |

| | | |
|---|---|---|
| 16 | ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കി<br>Written By: K.R.Prakashbabu (Audit Officer, On 22-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-13 |
| 17 | കുടിവെള്ള,ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 22-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-14 |
| 18 | കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: K.R.Prakashbabu (Audit Officer, On 22-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-15 |
| 19 | ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 3.27 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു<br>Written By: K.R.Prakashbabu (Audit Officer, On 22-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-16 |
| 20 | വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകൾ- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 20-05-2022) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 21-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 21-02-2022)<br>Last Updated By: Haseena KU (Computer Assistant, On 20-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 10/03/2020 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 669000 | 92321979 | 92990979 | 90991979 | 1999000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 30-06-2021 | ----- | ----- |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് പൂർത്തിയാകുമ്പോൾ ആസ്തിയായി പരിഗണിച്ച് ജേർണൽ എൻട്രി മുഖേന AFS ലെ ആസ്തി രജിസ്റ്ററുമായി കാലികമാക്കിയിട്ടില്ല.

3)കെട്ടിടങ്ങളുടെ വാടക രജിസ്റ്ററിൽ DCB യുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27578916 |
| ഓഡിറ്റ് വർഷത്തെ വരവ് | 84191641 |
| ആകെ | 111770557 |
| ചെലവ് | 84892217 |
| നീക്കിയിരിപ്പ് | 26878340 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 33655301 | 33655301 | 33141656 | 513645 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 23303000 | 23303000 | 23244999 | 58001 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 238000 | 238000 | 158700 | 79300- |
| മെയിന്റനൻസ് ഗ്രാന്റ് നോൺ- റോഡ് (ACR പ്രകാരം) | 0 | 5873981 | 5873981 | 5873981 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)- (ACR പ്രകാരം) | 0 | 6320000 | 6320000 | 6302480 | 17520 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied)- (ACR പ്രകാരം) | 0 | 6320000 | 6320000 | 5775992 | 544008 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| IAY | 1186599 | 600000 | 1186599 | 786599 | 1000000 |
| PMAY | 15060922 | 506000 | 15566922 | 100000 | 15466922 |
| TSC | 188089 | 8048 | 196137 | 65532 | 130605 |
| IAY State Share | 799122 | 24814 | 823936 | 0 | 823936 |
| IAY-SC Additional State Share | 3949248 | 137043 | 4086291 | 0 | 4086291 |
| BRGF | 215178 | 0 | 215178 | 215178* | 0 |
| IWMP-E2 | 146756 | 60741 | 207497 | 207497 | 0 |
| NRMS | 243270 | 0 | 243270 | 18 | 2432252 |

*Amount Transferred To Project Director, PAU, Palakkad On 17/3/20

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 109288956 | 138 | 74053375 | 0 | 20 | 87.34 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 2 | 2 | 3250000 | 3250000 | 100 |
| ഐ.ഇ.ഒ | 4 | 1 | 3680500 | 100000 | 2.71 |
| സി.ഡി.പി.ഒ | 3 | 2 | 4150000 | 3212000 | 77.39 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 4659188 | 4317214 | 92.66 |
| സെക്രട്ടറി | 45 | 39 | 29559129 | 13680836 | 46.28 |
| അസി.എക്സി. എഞ്ചിനിയർ | 46 | 46 | 29871554 | 28179552 | 94.33 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 46 | 37 | 23793495 | 15130831 | 63.59 |
| മെഡിക്കൽ ഓഫീസർ-CHC | 5 | 4 | 4945073 | 3621411 | 73.23 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 5380017 | 2561531 | 47.61 |
| ആകെ | 158 | 138 | 109288956 | 74053375 | 67.75 |

## 1-6 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടേയും യോഗങ്ങൾ, നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരു യോഗം ചേരുകയും തീരുമാനങ്ങൾ ഒന്നും എടുക്കാതെ പിരിയുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പല പ്രധാന ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല.

ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. 2020-21 ലെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ്

9,23,21,979/- രൂപയും, ചെലവ് 9,09,91,979/- രൂപയുമാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 11,17,70,557/- രൂപയും ചെലവ് 8,48,92,217/- രൂപയുമാണ്. ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള അടിസ്ഥാന രേഖയാണ് ബജറ്റ്. ഓരോ ചെലവുകളും ബജറ്റിനകത്തുനിന്നുകൊണ്ടാകണം ചെയ്യേണ്ടത്. ഇത്രയും വലിയ തുക വരവും ചെലവുമായി കാണിക്കുമ്പോൾ ഈ സാമ്പത്തിക അച്ചടക്കം പാലിക്കാനാകാതെ വരുന്നു. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാങ്ങിയ മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നില്ല. സ്റ്റോക്കിലെടുക്കുന്നവയുടെ മൂല്യം ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വർഷാവസാനം ബാലൻസുള്ളവയുടെ ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല. ലഭ്യമായ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാത്തതുമൂലം ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം 3.27 കോടി രൂപ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു. (ഖണ്ഡിക 1-15 കാണുക)

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാല യളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09-07-18 To 24-07-18 | 2017-18 | 31-10-18 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.16 | 2010-11 To 2014-15 | 23.05.16 | ഇല്ല |

## 1-8 സ്കൂളുകളിലേക്ക് ഷീ-പാഡ് പദ്ധതി- നിർവഹണത്തിലെ അപാകങ്ങൾ

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ സ്കൂളുകളിലേക്ക് ഷീ-പാഡ് പദ്ധതിയിൽ സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ട് വർഷം | അടങ്കൽ തുക ഫണ്ടിനം. | ചെലവ് തുക | ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|---|
| 1 | 178/2020-21 | 2020-21 | 420033/- | 420033 | 46/01.02.21 420032/- |

മേൽ പറഞ്ഞ പദ്ധതികൾ പ്രകാരം താഴെ പറയുന്ന വിദ്യാലയങ്ങൾക്കാണ് ഷീ-പാഡ്, ഇൻസിനറേറ്റർ, അലമാര എന്നിവ വിതരണം ചെയ്തിട്ടുള്ളത്.

| ക്രമ നം. | സ്കൂളിന്റെ പേര് | വിതരണം ചെയ്ത ഷീ-പാഡു കളുടെ | തുക | ഇൻസി നറേറ്റർ (എണ്ണം) | തുക | അല മാര എണ്ണം, | തുക |
|---|---|---|---|---|---|---|---|

| | | എണ്ണം | | | | | |
|---|---|---|---|---|---|---|---|
| 1 | AUPS ചുണ്ടമ്പറ്റ | 288 | 4812 | 1 | 25168 | 1 | 17380 |
| 2 | AUPS ആമയൂർ സൌത്ത് | 324 | 5414 | 1 | 25168 | 1 | 17380 |
| 3 | AUPS മണ്ണേങ്കോട് | 1674 | 27973 | 1 | 25168 | 2 | 34760 |
| 4 | AUPS മുതുതല | 1560 | 26068 | 1 | 25168 | 2 | 34760 |
| 5 | BVUPS ചുണ്ടമ്പറ്റ | 1140 | 19049 | 1 | 25168 | 1 | 17380 |
| 6 | VVAUPS കാരക്കത്തങ്ങാടി | 834 | 13936 | 1 | 25168 | 1 | 17380 |
| 7 | AUPS കുലുക്കല്ലൂർ | 1020 | 17044 | 1 | 25168 | 1 | 17380 |
| 8 | GHSS ചുണ്ടമ്പറ്റ | 2004 | 33487 | 1 | 25168 | 2 | 34760 |
| 9 | PTMYHSS എടപ്പലം | 9726 | 162521 | 2 | 50336 | 5 | 86900 |
| 10 | ആകെ | 18570/- | 310305 | 10 | 251680 | 16 | 278080 |
| | ആകെ തുക | 840065/-രൂപ<br>(2020-21 ൽ ചെലവഴിച്ചത് 420032 രൂപ) | | | | | |

(1) തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് -സ.ഉ (കൈ) 11/2018/ത.സ്വ.ഭ.വ, തീയ്യതി 29.01.2018 – ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- ഖ. 6.3(7) പ്രകാരം യു.പി. ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം ഉൾപ്പെടെയുള്ള പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കു മാത്രമേ നിർവഹിക്കാൻ പാടുള്ളൂ.

(2) കേരളാ പഞ്ചായത്ത് രാജ് നിയമം -1994 – IV – പട്ടിക -Functions Of Block Panchayats-VIII – ഉപഖണ്ഡിക പ്രകാരം സ്കൂളുകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നവയല്ല എന്നിരിക്കെ സ്കൂളുകളിൽ ബ്ലോക്ക് പഞ്ചായത്തിന് ഇത്തരം പദ്ധതികൾ നിർവഹിക്കുവാൻ കഴിയുകില്ല.

(3) 25.01.2016- ലെ സ.ഉ. ( സാധാ) നം 280/16/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കാണ് ഇതിനാവശ്യമായ തുക നീക്കിവെക്കാൻ അനുമതി നൽകിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ സ്കൂളുകളൊന്നും തന്നെ അനുവദിക്കപ്പെട്ടിട്ടില്ല .

(3) കേരളാ പഞ്ചായത്ത് രാജ് നിയമം 1994 – പട്ടിക – III പ്രകാരം പ്രാഥമിക-വിദ്യാലയങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും, പട്ടിക V പ്രകാരം ഹൈസ്കൂൾ - ഹയർസെക്കന്ററി സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും ആണെന്നിരിക്കെ, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിലില്ലാത്ത സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രൊജക്ടുകളുടെ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല

എന്നുറപ്പാക്കിയിട്ടില്ല.

(4) ടി പ്രോജക്റ്റിന്റെ ആവിർഭാവം, നിർവ്വഹണം എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പിലാക്കിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/21/16.01.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയത് നാപ്കിൻ വെൻഡിംഗ് യൂണിറ്റ് അല്ലെന്നും ഷീ- പാഡ് പദ്ധതിയാണെന്നും പറഞ്ഞിട്ടുണ്ട്. സ്കൂളുകൾ ഗ്രാമ പഞ്ചായത്തുകളുടെ അധികാര പരിധിയാണെങ്കിലും ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്കുകൾക്ക് പശ്ചാത്തല വികസന പ്രൊജക്ടുകൾ ഏറ്റെടുക്കാമെന്നും സെക്രട്ടറി മറുപടിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ കേരളാ പഞ്ചായത്ത് രാജ് നിയമം 1994 – പട്ടിക – III പ്രകാരം പ്രാഥമിക–വിദ്യാലയങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും, പട്ടിക V പ്രകാരം ഹൈസ്കൂൾ - ഹയർസെക്കന്ററി സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും ആണെന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ഈ പദ്ധതി സ്കൂളുകളിൽ നടപ്പാക്കാനാവില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,20,032/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-9 പഠന മുറി - പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-2021 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ.

| | |
|---|---|
| പ്രൊജക്റ്റ് നം. | S00184/21 |
| പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠന മുറി. |
| വികസന ഫണ്ട് (SCP) | 45,91,625/- |
| ആകെ | 45,91,625/- |
| ബിൽ നം./തീയതി | ചെലവ് |
| 2/20-21/28/04/2020 | 4,50,000/- |
| 13/20-21/25/05/2020 | 50,000/- |
| 14/20-21/22/09/2020 | 1,50,000/- |
| 15/20-21/22/10/2020 | 6,00,000/- |
| 16/20-21/8/12/2020 | 2,25,000/- |
| 17/20-21/15/01/2021 | 5,25,000/- |
| 18/20-21/21/01/2021 | 3,75,000/- |
| 19/20-21/30/01/2021 | 75,000/- |
| 20/20-21/25/02/2021 | 25,000/- |
| 2/20-21/17/03/2021 | 3,00,000/- |
| 22/20-21/17/03/2021 | 75,000/- |
| 23/20-21/30/03/2021 | 75,000/- |
| 24/20-21/30/03/2021 | 2,25,000/- |
| 15/20-21/28/04/2020 | 2,50,000/- |
| 27/20-21/28/04/2020 | 4,50,000/- |

| | |
|---|---|
| 28/20-21/28/04/2020 | 3,50,000/- |
| 29/19-20/25/05/2020 | 50,000/- |
| ആകെ | 42,50,000/- |

പട്ടിക ജാതി വിഭാഗത്തിന് ധനസഹായങ്ങൾ നല്കുവാനുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.2.17 ലെ നിർദ്ദേശങ്ങൾ പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1)നിലവിലെ 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠന മുറി നിർമ്മിക്കാവുന്നതാണ്.

2)പ്രസ്തുത ആവശ്യത്തിന് മുൻകൂറായി 50,000/- രൂപയും ശേഷിക്കുന്ന തുക 2 ഗഡുക്കളായി 75,000/- രൂപയും ചേർത്ത് പരമാവധി 2 ലക്ഷം രൂപ നല്കാവുന്നതാണ്.

3)അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഗഡുക്കൾ നൽകേണ്ടത്.

പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച 31 ഗുണഭോക്താക്കളിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിക്കാത്തവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കുറിപ്പുകൾ |
|---|---|---|
| 01 | സ്വാതി, ഇടപ്പറമ്പിൽ | 1)വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല.<br>2)പ്രവൃത്തിക്കുള്ള അവസാന ഗഡുവായ 75,000/- രൂപ നൽകിയിട്ടില്ല. |
| 02 | മിഥുൻ മുണ്ടക്കൻമാരിൽ, കള്ളാടിപ്പട്ട (പി.ഒ.). | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 03 | ഷൈമോൾ.എം.സി, നിരവൻ കുന്നത്ത്(വീട്), കുണ്ടൂർക്കര(പി.ഒ). | 1)മറ്റ് വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല.<br>2)പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 04 | യതുകൃഷ്ണൻ.കെ.പി, കൈപ്പറമ്പിൽ (വീട്), പള്ളിപ്പുറം(പി.ഒ), പട്ടാമ്പി. | 1)മറ്റ് വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇല്ല.<br>2)75,000/- രൂപയുള്ള 2 ഗഡുക്കൾ നൽകിയിട്ടില്ല. |
| 05 | ശാലിനി, D/o ലീലാവതി, പാറപ്പുറത്ത്, തിരുവേഗപ്പുറ. | 1)വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല.<br>2)പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |
| 06 | വിസ്മയ.പി., D/o വിജയൻ, | 1)വാല്യുവേഷൻ |

| | | |
|---|---|---|
| | പള്ളത്തോടി , ഓങ്ങല്ലൂർ. | സർട്ടിഫിക്കറ്റില്ല.<br>2)പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല. |

ഓഡിറ്റ് നിർദ്ദേശങ്ങൾ 19.01.2022 ലെ അന്വേഷണ നം.6

1)പട്ടികയിലെ 6 ഗുണഭോക്താക്കൾക്കും പഠന മുറിക്കുള്ള ധന സഹായം പൂർണ്ണമായി നല്കേണ്ടതാണ്.

2)പഠന മുറി പ്രവൃത്തിക്ക് ആനുകൂല്യം ലഭ്യമാക്കിയ പട്ടികയിലെ 6 ഗുണഭോക്താക്കൾക്കുമുള്ള കുറിപ്പുകളിൽ നൽകിയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-9-1 പഠന മുറി - പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

പഠന മുറി നിർമ്മാണത്തിനായി ഭാഗികമായി ധനസഹായം കൈപ്പറ്റി പണി പൂർത്തിയാക്കാത്തവരുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കുറിപ്പുകൾ |
|---|---|---|
| 01 | ശ്രീനാഥ്.ഇ.പി., S/o സുബ്രമണിയൻ, എടത്തൊടിപ്പടി, ഓങ്ങല്ലൂർ | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 02 | അക്ഷയ് കൃഷ്ണൻ.കെ.പി. കള്ളിക്കരപറമ്പിൽ, പരുതൂർ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 03 | കീർത്തന.പി.പി., പുള്ളിപറ്റപടി. പള്ളിപ്പുറം, പരുതൂർ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 04 | അജിത്, പുലാശ്ശേരി, കൊപ്പം. | ആദ്യ ഗഡു - 50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.75,000/-രൂപയുടെ 2 ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. |
| 05 | ഗ്രീഷ്മ.വി.പി., വടക്കേകര പറമ്പിൽ, നടുവട്ടം, തിരുവേഗപ്പുറ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 06 | ഗോകുൽ.കെ.കെ. കോട്ടേകുന്നിൻമേൽ, പള്ളിപ്പുറം. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 07 | അഖിനേഷ്.എം.പി., മൂർക്കത്ത് പടി, പള്ളിപ്പുറം, പരുതൂർ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ |

| | | |
|---|---|---|
| | | ചെയ്തിട്ടില്ല. |
| 08 | സൂര്യജിത്ത്.പി.കെ. പുത്തേരികുണ്ടിൽ, തിരുവേഗപ്പുറ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 09 | സുജിത്ത്, എടവൂർകുന്ന്, തിരുവേഗപ്പുറ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 10 | അനന്തകൃഷ്ണൻ, പുലാക്കൽ, വിളയൂർ വെസ്റ്റ്. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |
| 11 | വൈഷ്ണവ്.എൻ., നല്ലേടത്ത്, ചെമ്പ്ര, തിരുവേഗപ്പുറ. | അവസാന ഗഡു-75,000/-രൂപ കൈപ്പറ്റുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. |

പഠന മുറി നിർമ്മാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിന് 19.01.2022 ലെ അന്വേഷണ നം.6 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പഠന മുറി നിർമ്മാണത്തിനായി അനുവദനീയമായ ഗഡുക്കൾ പൂർണ്ണമായി കൈപ്പറ്റാതെ നിർമ്മാണം പൂർത്തിയാക്കാത്ത പട്ടികയിൽ ഉൾപ്പെടുത്തിയ 11 ഗുണഭോക്താക്കളുടേയും പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)സമയബന്ധിതമായി വിശദവിവരങ്ങൾ ഹാജരാക്കാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-10 വാദ്യോപകരണങ്ങൾ വാങ്ങുവാൻ അടവാക്കിയ ഗുണഭോക്തൃ വിഹിതം.വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

SCDO നിർവ്വഹണ ഉദ്യോഗസ്ഥനായി ആരവം - പട്ടിക ജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾക്ക് സബ്സിഡി നല്കുവാനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകളുടെ വിശദവിവരങ്ങൾ :

1)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO99/19-20. |
| വികസനഫണ്ട് (എസ്.സി.പി) | 8,55,000/- |
| മറ്റുള്ളവ | 45,000/- |
| ആകെ അടങ്കൽ | 9,00,000/- |
| ബിൽ നം./തീയതി | ചെലവ് |
| 3/19-20/27/09/19 | 3,11,035/- |

അപ്സര, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡവലപ്പ്മെന്റ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ 31207421210 എന്ന അക്കൗണ്ട് നമ്പറിലേക്ക് NEFT മുഖേന പദ്ധതി വിഹിതമായ 3,11,035/- രൂപ കൈമാറിയിട്ടുണ്ട്.

2)

വാദ്യോപകരണങ്ങൾക്ക് സബ്സിഡി നൽകുവാനായി 9,00,000/- രൂപ അടങ്കലായി വകയിരുത്തി 2019-2020 ൽ അംഗീകാരം ലഭ്യമാക്കിയ SO99/19-20 എന്ന പ്രൊജക്ട് സ്പിലോവറായി 2020-2021 ൽ പ്രൊജക്ട് നം.SO121/20-21 പ്രകാരം അംഗീകാരം ലഭ്യമാക്കി ചെലവ് നിർവ്വഹിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ :

| | |
|---|---|
| വികസനഫണ്ട് (എസ്.സി.പി) | 8,55,000/- |
| മറ്റുള്ളവ | 45,000/- |
| ആകെ അടങ്കൽ | 9,00,000/- |
| ബിൽ നം./തീയതി | ചെലവ് |
| 12/20-21/25/05/2020 | 5,29,843/- |

അപ്സര, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡവലപ്പ്മെന്റ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിന്റെ 31207421210 എന്ന അക്കൗണ്ട് നമ്പറിലേക്ക് NEFT മുഖേന പദ്ധതി വിഹിതമായ 5,29,843/- രൂപ കൈമാറിയിട്ടുണ്ട്.

21.01.2022 ലെ അന്വേഷണ നം.8. പ്രകാരം ആകെ അടങ്കലിന്റെ (5%) ഗുണഭോക്തൃ വിഹിതമായ 45,000/- രൂപ അടവാക്കിയതിന്റെ വിശദവിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് വേളയിൽ ആയത് ഹാജരാക്കുകയുണ്ടായില്ല.

അടങ്കലായ 9,00,000/- രൂപയുടെ ഗുണഭോക്തൃ വിഹിതമായ 45,000/- രൂപ തനത് ഫണ്ടിൽ ഒടുക്കി കരാറുകാരന്/ഏജൻസിക്ക് നൽകിയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-10-1 വാദ്യോപകരണങ്ങൾ വാങ്ങുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ - ക്രമവിരുദ്ധം.

SCDO നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ പ്രകാരം പട്ടിക ജാതി ഗ്രൂപ്പുകൾക്ക് (ആരവം) വാദ്യോപകരണങ്ങൾ വാങ്ങി നൽകുവാനായി സ്വീകരിച്ച നടപടിക്രമങ്ങൾ :

വാദ്യോപകരണങ്ങളായ 46 ചെണ്ടകളും, 9 ഇലത്താളവും വാങ്ങുവാനായി 2/02/2019 ന് കേരള സർക്കാരിന്റെ ഇലക്ട്രോണിക്ക് മാധ്യമത്തിലൂടെ സമർപ്പിക്കപ്പെട്ട ടെണ്ടർ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താരതമ്യ പട്ടിക താഴെ ചേർക്കുന്നു :

| വാദ്യോപകരണങ്ങൾ | എണ്ണം | അപ്സര, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡവലപ്പ്മെന്റ് & മാനേജ്മെന്റ് | അപ്സര ഇൻസ്റ്റിറ്റ്യൂട്ട് & മാനേജ്മെന്റ് ട്രസ്റ്റ്. | എ.എ.പി.ഇസഡ്, ഇൻടെറാക്ടീവ് ടെക്ക്നോളജീസ് |
|---|---|---|---|---|
| ഇലത്താളം | 09 | 59,805 | 40,860 | 48,600 |
| ചെണ്ട | 46 | 8,25,470 | 6,41,470 | 6,39,400 |
| ആകെ | | 8,85,275 | 6,82,330 | 6,88,000 |

ഇനങ്ങളുടേയും നിരക്കുകളുടേയും വിശദവിവരങ്ങൾ അടങ്ങിയ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളും, അംഗീകരിച്ച ടെണ്ടറുകളും പ്രകാരം തയ്യാറാക്കിയ താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു :

| ഇനം | സ്ഥാപനത്തിന്റെ പേര് | കുറവായി ക്വോട്ട് ചെയ്ത തുക | സ്ഥാപനത്തിന്റെ പേര് | അംഗീകരിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| ഇലത്താളം | അപ്സര, ഇൻസ്റ്റിറ്റ്യൂട്ട് & മാനേജ്മെന്റ് | 40,860/- | അപ്സര, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ | 59,805/- | 18,945/- |

| | | | | | |
|---|---|---|---|---|---|
| | ട്രസ്റ്റ് | | ഡവലപ്പ്മെന്റ് & മാനേജ്മെന്റ് | | |
| ചെണ്ട | എ.എ.പി.ഇസഡ്, ഇൻടെറാക്റ്റീവ് ടെക്ക്നോളജീസ് | 6,39,400/- | അപ്സര, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്കിൽ ഡവലപ്പ്മെന്റ് & മാനേജ്മെന്റ് | 8,25,470/- | 1,86,070/- |
| ആകെ | | 6,80,260/- | | 8,85,275/- | 2,05,015/- |

ഭരണസമിതിയുടെ തീരുമാനം (22.02.2019 ലെ തീരുമാന നം.3(1)

ഗുണമേന്മയുടെ അടിസ്ഥാനത്തിൽ സാധന സാമഗ്രികൾ തിരഞ്ഞെടുക്കുവാനായി ഒരു വിദഗ്ധന്റെ സാങ്കേതിക ഉപദേശം ലഭ്യമാക്കുവാനായി 05.02.2019 ലെ 1(1) നം. തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് എസ്.സി.ഡി.ഒ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വാദ്യോപകരണങ്ങൾക്കുള്ള ഗുണമേന്മയുടെ മാനദണ്ഡങ്ങൾ പ്രകാരം അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഹാജരാക്കിയ ചെണ്ടകൾ സ്വീകരിക്കാവുന്നതാണെന്ന് വിദഗ്ധൻ സമർപ്പിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ 46 ചെണ്ടകളും, 09 ഇലത്താളവും വാങ്ങിയിട്ടുണ്ട്. വിദഗ്ധ പരിശോധന ഫീസ് ബ്ലോക്ക് പഞ്ചായത്ത് ജി.പി.ജി. യിൽ നിന്നും നല്കുവാൻ ഭരണസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുടെ മാനദണ്ഡങ്ങൾ പ്രകാരം വിദഗ്ധൻ സമർപ്പിച്ച പകർപ്പും, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനവും 21.01.2022 ലെ അന്വേഷണ നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ (21.01.2022 ലെ അന്വേഷണ നം.8)

1)വാദ്യോപകരണങ്ങൾക്കുള്ള ഗുണമേന്മയുടെ മാനദണ്ഡങ്ങൾ പ്രകാരം വിദഗ്ധൻ സമർപ്പിച്ച ഉപദേശത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2)വാദ്യോപകരണങ്ങൾ വാങ്ങുവാനുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

3)ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനങ്ങളിലെ ടെണ്ടറുകൾ അംഗീകരിക്കുന്നതിന് പകരം കൂടുതൽ തുകകൾ ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ ടെണ്ടറുകൾ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2013 ലെ സ്റ്റോർ പർച്ചേസസ് മാന്വൽ പ്രകാരം 21.06.2013 ലെ ജി.ഒ.(പി) നം.03/2013/എസ്.പി.ഡി എന്ന സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.16, 9.17, 9.18 എന്നിവ പ്രകാരം സാധന സാമഗ്രികൾ വാങ്ങുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1)നിരക്ക്, ഗുണനിലവാരം, വിതരണ നിബന്ധനകൾ എന്നിവ മുൻനിർത്തി ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനളുടെ സമർപ്പിക്കപ്പെട്ട ടെണ്ടർ അംഗീകരിക്കേണ്ടതാണ്.

2)വാങ്ങുവാനായി ടെണ്ടറുകൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ ഇനത്തിന്റേയും കുറഞ്ഞ നിരക്ക് പരിഗണിക്കേണ്ടതാണ്. കുറഞ്ഞ നിരക്കുകൾ സ്വീകാര്യമല്ലാത്ത സംഗതികളിൽ കാരണം വ്യക്തമാക്കേണ്ടതാണ്.

ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാവനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് പകരം കൂടുതൽ തുക ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചതിനാൽ വന്ന അധികം ചെലവായ 2,05,015/- രൂപയ്ക്കുള്ള ഓഡിറ്റ് നിർദ്ദേശങ്ങളിൽ ആവശ്യപ്പെട്ട രേഖകളും/വിശദീകരണങ്ങളും ഹാജരാക്കേണ്ടതാണ്. ആയത് വരെ 2,05,015/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. സമയബന്ധിതമായി രേഖകളും, വിശദീകരണവും ലഭ്യമാക്കാത്ത പക്ഷം സർച്ചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-11 വ്യവസായ വികസന രംഗത്ത് പ്രൊജക്ടുകൾ നടപ്പിലാക്കപ്പെടുന്നില്ല

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ വ്യവസായ വികസന ഓഫീസർ മുഖേന താഴെ പറയുംവിധം പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഒരു പ്രൊജക്ട് മാത്രമാണ് നടപ്പിലാക്കിയത്. അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ തുക | ഫണ്ടിനം |
|---|---|---|---|
| 1 | 24/21<br>പട്ടിക ജാതി വനിത ഗ്രൂപ്പുകൾക്ക് ഫാഷൻ ഡിസൈനിംഗിൽ പരിശീലനവും സംരംഭം ആരംഭിക്കാൻ സഹായവും | 300000<br>വികസന ഫണ്ട് SCP<br>55000<br>മറ്റുള്ളവ | SCP |
| 2 | 25/21<br>പട്ടിക ജാതി വനിതാ ഗ്രൂപ്പുകൾക്ക് ഇന്റർനെറ്റ് ബ്രൌസിംഗ് സെന്റർ ആരംഭിക്കുന്നതിന് സബ്സിഡി | 200000<br>SCP<br>മറ്റുള്ളവ<br>35500/- | SCP |
| 3 | 26/21<br>ഷീ-ഓട്ടോ-SC വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം. | 1470000/-<br>SCP<br>1470000<br>മറ്റുള്ളവ | SCP |
| 4 | 170/21<br>വനിതഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് സബ്സിഡി | 100000/-<br>SCP<br>50000<br>മറ്റുള്ളവ | |

2020-21 ൽ 4 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും ഒരു പ്രൊജക്ട് മാത്ര ( 170/21 വനിതഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിന് സബ്സിഡി) മാണ് നടപ്പിലാക്കിയിട്ടുള്ളത്.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗുണഭോക്താക്കളുടെ സാമ്പത്തിക പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും വേണ്ടി വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി വ്യക്തമായ മാർഗ നിർദേശങ്ങൾ സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നിരിക്കെ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് ക്രമപ്രകാരമല്ല. ഭാവിയിൽ വ്യവസായ രംഗത്ത് അനുയോജ്യവും അഭികാമ്യവുമായ പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## 1-12 മതിയായ രേഖകൾ ഇല്ലാതെ അസി.എക്സി.എഞ്ചിനീയർക്ക് വാഹന വാടക അനുവദിച്ച നടപടി- 262140 രൂപയുടെ ചലവ് തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയറുടെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്ന KL 52 K-6060, KL52L 6641 നമ്പർ വാഹനങ്ങളുടെ വാടകയിനത്തിൽ 2020-21 ൽ അനുവദിക്കപ്പെട്ട തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക | വൌച്ചർ നമ്പർ /തീയ്യതി | ചെക്ക് നമ്പർ /തീയ്യതി |
|---|---|---|---|
| 1 | 20670/- | 18/20-21/25.05.20 | 5856338/25.05.2020 |

| | | | |
|---|---|---|---|
| 2 | 29310/- | 36/2020-21 /06.07.20 | 5891805/06.07.20 |
| | 28665/- | 50/2020-21 /03.08.20 | 5891820/03.08.20 |
| 3 | 19800/- | 62/2020-21 /26.08.20 | 5891833/26.08.2020 |
| 4 | 23475/- | 85/2020-21/24.10.20 | 5891857/14.10.20 |
| 5 | 22200/- | 98/2020-21/02.11.20 | 5891870/02.11.2055 |
| 6 | 23340/- | 107/2020-21/06.11.20 | 5891880/06.11.2020 |
| 7 | 19740/- | 123/2020-21/23.12.20 | 5891897/23.12.20 |
| | 23385/- | 145/2020-21/15.02.21 | 5841619/15.02.21 |
| 8 | 22650/ | 159/20-21/03.03.21 | 5841633/3.3.21 |
| 9 | 28905/- | 169/20-21/25.03.21 | 5841643/25.03.21 |
| | 262140 | | |

മേൽ പറഞ്ഞ തുകകൾ വാടകയിനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ യാത്രകളെ സംബന്ധിച്ച വിശദാംശങ്ങൾ, സാക്ഷ്യപ്പെടുത്തപ്പെട്ട ട്രിപ്പ്ഷീറ്റ് എന്നിവയുൾപ്പെടെ യാത്രയുടെ ആധികാരികത തെളിയിക്കുന്ന രേഖകളൊന്നും പരിശോധിക്കാതെയാണ് തുക നൽകിക്കാണുന്നത്.

ആയതിനാൽ യാത്രാസംബന്ധമായ ആധികാരിക രേഖകളൊന്നും പരിശോധിക്കാതെ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 11/21/25.01.2022) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ ഔദ്യോഗിക യാത്രയുടെ കൃത്യതയും ആധികാരികതയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ വാഹനവാടകയിനത്തിലനുവദിച്ച 2,62,140/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-13 ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ട 21 റോഡുകളുടെയും 9 കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം ബ്ലോക്ക് പഞ്ചായത്ത് പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-14 കുടിവെള്ള,ജലസേചന പദ്ധതികളുടെ തുടർനടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടില്ല

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ).നം 11/2018/തസ്വഭവ/29.1.2018 ഖണ്ഡിക 7.16 (ബി) പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/ ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ വെക്കണം. കൂടാതെ കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതിയുടെ ചുമതലയായിരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പണി ആരംഭിച്ച/പൂർത്തീകരിച്ച കുടിവെള്ള, ജലസേചന

പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റെയും ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റേയും വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയഫയലുകളിൽ ലഭ്യമല്ല. ഭാവിയിൽ കുടിവെള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്തൃസമിതികളുമായി കരാറുണ്ടാക്കി പദ്ധതികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും ഉറപ്പാക്കേണ്ടതാണ്.

1-15 കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)നം.22/2018/തസ്വഭവ, തീ. 14.02.17) ഖ.6.9(2) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) നം.80/2017/തസ്വഭവ തീയതി:03.04.2017) ഖ.16 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കുട്ടിച്ചേർക്കലുകൾ, എന്നിവയും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല. അതുപോലെ റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പാലങ്ങൾ, പടവുകൾ എന്നിവയുള്ള പ്രവൃത്തികൾക്കും കുറഞ്ഞ പരിധി ബാധകമല്ല. എന്നാൽ 2020-21 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 116 പ്രോജക്ടുകളിൽ ഭൂരിഭാഗം എണ്ണവും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 104/20-21 | കൊടിക്കുന്ന് പടിഞ്ഞാറേ നട റോഡ് | 260089 |
| 2 | 103/20-21 | മാടായി പ്പറമ്പ് SC കോളനി സൈഡ് സംരക്ഷണം | 299337 |
| 3 | 165/20-21 | കാരാങ്കോട്ട കോളനി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 175000 |
| 4 | 167/20-21 | മണ്ണൊരുക്കം ജീവനി അഗ്രിമാളിന് വേണ്ടി കെട്ടിടം സജ്ജമാക്കൽ | 295337 |
| 5 | 27/20-21 | പാണപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി | 134898 |
| 6 | 65/20-21 | വെള്ളാക്കൻമാരിൽ കോളനി റോഡ് സൈഡ് കെട്ടൽ | 390938 |
| 7 | 136/20-21 | സുഭിക്ഷ കേരളം -ബ്ലോക്ക്തല സംഭരണ വിപണന കേന്ദ്രം പശ്ചാത്തല സൗകര്യമൊരുക്കൽ | 248289 |
| 8 | 188/20-21 | പൊന്നീരി-പാറക്കടവ് ജലസേചന പദ്ധതി മോട്ടോർഡഷെഡ് ഒന്നാംനില നിർമ്മാണം | 240000 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.

ഭാവിയിൽ പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഇത് സംബന്ധിച്ച നിബന്ധനകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-16 ലഭ്യമായ ഗ്രാന്റുകൾ സമയ ബന്ധിതമായി വിനിയോഗിക്കാത്തത് മൂലം തൻ വർഷം ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ 3.27 കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടു

| ഗ്രാന്റിനം | അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കാനാകാത്ത തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറല് | 42247000 | 25906487 | 16340513 |
| വികസന ഫണ്ട്-എസ്.സി.പി | 24956000 | 13810170 | 11145830 |
| വികസന ഫണ്ട്-ടി.എസ്.പി | 248000 | 0 | 248000 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 54726000 | 2991161 | 2534839 |
| ആകെ | 122177000 | 42707818 | 30269182 |

ഓഡിറ്റ് നിർദ്ദേശം :- ബ്ലോക്ക് പഞ്ചായത്തിന് അലോട്ട് ചെയ്യുന്ന മുഴുവൻ തുകയും അതതു സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുവാൻ കഴിയും വിധം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകൾ- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി, പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനു വേണ്ടി നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകളുടെയും തുകകളുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജ. നമ്പരും പേരും | അടങ്കൽ തുക | ചെലവു തുക ബിൽ നമ്പർ, തീയ്യതി | നിർവഹണ ഏജൻസിയുടെ പേര് |
|---|---|---|---|---|
| 1. | 23/21 കുവപ്പടല- തൂത്താല നടക്കൽ പൈപ്പ് ലൈൻ നീട്ടൽ | 300000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 300000/- Bill No. 31/04.11..20 | KWA KSEB KWA |
| 2. | 116/21 തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിലെ 12,23 വാർഡുകളിൽ ത്രീ-ഫേസ് ലൈൻ നീട്ടൽ | 307871/- | 307871/- Bill No. 2/21.09.2020 | |
| 3. | 117/21 മേലെപ്പാട്ട് പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 460000/- | 460000/- 03/17.04.20 | |

| | | | | |
|---|---|---|---|---|
| 4. | 118/21<br>വെസ്റ്റ് കൈപ്പുറം-നമസ്കാരപ്പള്ളി മുതൽ AMLP സ്കൂൾ വരെ പൈപ്പ് ലൈൻ നീട്ടൽ | 300000/- | 300000/-<br>4/21.04.20 | |
| 5.. | 100/21<br>നരിമ്പൂർ SC കോളനി പൈപ്പ് ലൈൻ നീട്ടൽ | 450000/- | 450000/-<br>5/21.04.20 | |
| 6. | 92/21<br>വില്ലത്തുംപടി പൈപ്പ് ലൈൻ നീട്ടൽ | 500000/- | 500000/-<br>6/21.04.20 | |
| 7. | 115/21<br>നാട്യമംഗലം-ചുണ്ടമ്പറ്റ ഇലക്ട്രിക് ലൈൻ നീട്ടൽ | | 147444/-<br>9/21.04.20 | |
| 8. | 111/21<br>എടത്തോൾ- ഗാന്ധി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 200000/- | 200000/-<br>10/21.04.20 | |
| 9. | 108/21<br>കള്ളി വളപ്പിൽ-പണിക്കർ കടവ്-പുല്ലാട്ടിൽ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 344500/-<br>വികസന ഫണ്ട്<br>ഫണ്ട് | 344500/-<br>12/21.04.20 | |
| 10. | 127/21<br>ലക്ഷം വീട് കോളനി-കരിമ്പനത്തോട്ടം പൈപ്പ് ലൈൻ നീട്ടൽ | 600000/- | 600000/-<br>14/22.05.20 | KWA |
| 11. | 122/21<br>പാലൊളിക്കുളമ്പ്-ചിത്തിനപ്പള്ളി പൈപ്പ് ലൈൻ നീട്ടൽ | 850000/- | 850000/<br>15/22.05.20 | |
| 12. | 128/21<br>മനക്കൽകുന്ന് ട്രാൻസ്ഫോർമർ സ്ഥാപനം | 578756/- | 578756/-<br>16/22.05.20 | KSEB |
| 13 | 185/21<br>കൊയിലാണ്ടി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 350000/- | 350000/-<br>21/13.08.20 | KWA |
| 14 | 180/21<br>ചെമ്പ്ര GUPSതെക്കുംഭാഗം പൈപ്പ് ലൈൻ നീട്ടൽ | 200000/- | 200000/-<br>22/13.08.20 | |
| 15 | 144/21<br>തിരുവേഗപ്പുറ 2,6,12 | 300000/- | 300000/-<br>27/04.09.20 | KSEB |

| | | | | |
|---|---|---|---|---|
| | പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് KSEBയിൽ ഡെപ്പോസിറ്റ് | | | |
| 16 | 213/21 നമസ്കാരപ്പള്ളി -കൊയിലാണ്ടി -പ്രദേശം പൈപ്പ് ലൈൻ നീട്ടൽ പൂർത്തീകരണം. | 300000/- | 300000/- 30/02.11.20 | KWA |
| 17. | 138/21 പപ്പടപ്പടി - പൊതുവാൻ തൊടി പൈപ്പ് ലൈൻ നീട്ടൽ | 600000/- | 600000/- 32/04.11.20 | |
| 18. | 143/21 പൂളമണ്ണ മന- പുല്ലാട്ടിൽ ശിൽപിപുരം നെന്മിനിക്കളം പൈപ്പ് ലൈൻ നീട്ടൽ | 1020,000/- | 1020,000/- 33/02.11.20 | |
| 19 | 192/21 പപ്പടപ്പടി- ചുണ്ടമ്പറ്റ വൈദ്യുതി ലൈൻ നീട്ടൽ | 62111/- | 62111/- 34/05.11.20 | KSEB |
| 20 | 191/21 പൊന്നീരി -പാറക്കടവ് ഇറിഗേഷൻ പ്രൊജക്ട് പൈപ്പ് ലൈൻ നീട്ടൽ | 113930/- | 113930/- 39/18.01.21 | |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട ചെലവ് പുരോഗതി / വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 07/19.01.2022) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ ഏജൻസികൾ പ്രവൃത്തി പൂർത്തീകരികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 കാണുക.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (മുന്നിരിപ്പ് ഉൾപ്പടെ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2020-21 | 4414879 | ലൈഫ് മിഷൻ(SCP) തുക വക യിരുത്തൽ-(196/20-21) | 580000 | 3834879 |
| ഗ്രാമ പഞ്ചായത്ത് | 2019-20 | 1186599 | ലൈഫ് മിഷൻ (ജനറൽ) തുക വക യിരുത്തൽ-(4/19-20) | 0 | 1186599 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1045440 | പി.എം.എ.വൈ ബ്ലോക്ക് ഷെയർ SCP (114/20-21) | 400000 | 645440 |
| | 2020-21 | 60000 | പി.എം.എ.വൈ ബ്ലോക്ക് ഷെയര് (114/20-21-ജനറൽ | 0 | 60000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4356392 | പി.എം.എ.വൈ ബ്ലോക്ക് ഷെയർ (114/20-21-ജനറൽ | 0 | 4356392 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം തീയ്യതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക |
|---|---|---|---|---|
| KWA | 23/20--കുവപ്പടല-തൃത്താല നടക്കൽ പൈപ്പ് ലൈൻ നീട്ടൽ | Bill No. 31/04.11..20 | 300000/- | വിനിയോഗ വിവരം ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| KSEB | 116/21 --തിരുവേഗപ്പുറ ഗ്രാമ പഞ്ചായത്തിലെ 12,23 വാർഡുകളിൽ ത്രീ-ഫേസ് ലൈൻ നീട്ടൽ | Bill No. 31/04.11.20 | 307871/- | ---Do--- |
| KWA | 17/21--മേലെപ്പാട്ട് പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 03/17.04.20 | 460000/- | ---Do--- |
| KWA | 118/21-വെസ്റ്റ് കൈപ്പുറം-നമസ്കാരപ്പള്ളി മുതൽ AMLP സ്കൂൾ വരെ പൈപ്പ് ലൈൻ നീട്ടൽ | 4/21.04.20 | 300000/- | --Do--- |
| KWA | 100/21-നരിമ്പൂർ SC കോളനി പൈപ്പ് ലൈൻ നീട്ടൽ | 5/21.04.20 | 450000/- | --Do--- |
| KWA | 92/21-വില്ലത്തുംപടി പൈപ്പ് ലൈൻ നീട്ടൽ | 6/21.04.20 | 500000/- | --Do--- |
| KSEB | 115/21-നാട്യമംഗലം-ചുണ്ടമ്പറ്റ ഇലക്ട്രിക് ലൈൻ നീട്ടൽ | 9/21.04.20 | 147444/- | --Do--- |
| KWA | 111/21 -എടത്തോൾ-ഗാന്ധി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 10/21.04.20 | 200000/- | --Do--- |
| KWA | 108/21-കള്ളി വളപ്പിൽ-പണിക്കർ കടവ്-പുല്ലാട്ടിൽ പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 12/21.04.20 | 344500/- | --Do--- |
| KWA | 127/21-ലക്ഷം | 14/22.05.20 | 600000/- | --Do--- |

| | | | | |
|---|---|---|---|---|
| | വീട് കോളനി-കരിമ്പനത്തോട്ടം പൈപ്പ് ലൈൻ നീട്ടൽ | | | |
| KWA | 122/21-പാലൊളിക്കളമ്പ്-ചിത്തിനപ്പള്ളി പൈപ്പ് ലൈൻ നീട്ടൽ | 5/22.05.20 | 850000/ | --Do--- |
| KSEB | 128/21-മനക്കൽകുന്ന് ട്രാൻസ്ഫോർമർ സ്ഥാപനം | 16/22.05.20 | 578756/- | --Do--- |
| KWA | 185/21-കൊയിലാണ്ടി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ | 21/13.08.20 | 350000/- | --Do--- |
| KWA | 180/21-ചെമ്പ്ര GUPSതെക്കുംഭാഗം പൈപ്പ് ലൈൻ നീട്ടൽ | 22/13.08.20 | 200000/- | --Do--- |
| KWA | 213/21-കൊയിലാണ്ടി - നമസ്കാരപ്പള്ളി പ്രദേശം പൈപ്പ് ലൈൻ നീട്ടൽ പൂർത്തീകരണം. | 30/02.11.20 | 300000/- | --Do--- |
| KWA | 138/21-പപ്പടപ്പടി - പൊതുവാൻ തൊടി പൈപ്പ് ലൈൻ നീട്ടൽ | 32/04.11.20 | 600000/- | --Do--- |
| KWA | 143/21-പൂളമണ്ണ മന- പുല്ലാട്ടിൽ ശിൽപിപുരം നെന്മിനിക്കളം പൈപ്പ് ലൈൻ നീട്ടൽ | 33/02.11.20 | 1020,000/- | --Do--- |
| KWA | 192/21-പപ്പടപ്പടി-ചുണ്ടമ്പറ്റ വൈദ്യുതി ലൈൻ നീട്ടൽ | 34/05.11.20 | 62111/- | --Do--- |
| KWA | പൊന്നേരി | 39/18.01.21 | 113930/- | --Do--- |

| | | | | |
|---|---|---|---|---|
| | -പാറക്കടവ് ഇറിഗേഷൻ പ്രൊജക്റ്റ് പൈപ്പ് ലൈൻ നീട്ടൽ | | | |
| KSEB | 144/21-വാർഡ് 26,12 പ്രദേശത്ത് വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് തിരുവേഗപ്പുറ ഇലക്ട്രിക് സെക്ഷന് തുക അടവാക്കൽ | 27/04.09.20 | 300000/- | --Do--- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം ഈ ഇനത്തിൽ വരവ്-ചെലവുകൾ ഒന്നും ഇല്ല.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ----

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 27578916 |
| ഓഡിറ്റ് വർഷത്തെ വരവ് | 84191641 |
| ആകെ | 111770557 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 84892217 |
| നീക്കിയിരിപ്പ് | 26878340 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല.

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല.

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 420032 | ജി. വരുൺ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-10-1 | 205015 | സജിനി പി.എം, പട്ടികജാതി വികസന ഓഫീസർ |
| 1-12 | 262140 | ജി. വരുൺ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി- -187200/-<br>എ.കെ. സരിത, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി- 74940/- |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഒന്നുമില്ല.

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഒന്നുമില്ല.

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജിനി പി.എം, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | തൊട്ടോഴി പള്ളിയാലിൽ,<br>പോട്ടൂർ പി.ഓ,<br>തൃശ്ശൂർ ജില്ല<br>പിൻ-680581 |
| ജി. വരുൺ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി- | സെക്രട്ടറി, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | മഠത്തിൽ<br>വീട്,ചെർപ്പുളശ്ശേരി,<br>പാലക്കാട് ജില്ല<br>പിൻ-679503 |
| എ.കെ. സരിത, സെക്രട്ടറി, | സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് | T.C/2/775-അശ്വതി ഭവൻ,<br>ചാലക്കുഴി ലൈൻ,<br>മെഡിക്കൽ |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പഞ്ചായത്ത് | കോളേജ്,തിരുവനന്തപുരം ജില്ല.പിൻ-695011 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96<br>1996-97<br>1997-98 | LFP10/244/09 Dt. 6.6.09 | 11 |
| 1998-99 | LFP10/1089/03 | 5 |
| 1999-2000 | LFP10/408/02 Dt. 2.12.13 | 6 |
| 2000-01 | LFP10/928/07dt. 3.12.07 | 5 |
| 2001-02 | LFP10/974/07dt. 3.12.07 | 3 |
| 2002-03 | LFP10/975/07dt. 3.12.07 | 4 |
| 2003-04 | LFP10/942/08dt. 15.7.09 | 6 |
| 2004-05 | LFP10/943/08dt. 15.7.09 | 6 |
| 2005-06 | LFP10/944/08dt. 15.7.09 | 4 |
| 2006-07 | LFP10/945/08dt. 15.7.09 | 5 |
| 2007-08 | LFP8/1684/11dt. 9.12.11 | 5 |
| 2008-09 | LFP8/1685/11dt. 9.12.11 | 6 |
| 2009-10<br>2010-11 | LFP8/1061/12dt. 12.1.14 | 8 |
| 2011-12 | LFP8/2243/14dt. 7.1.15 | 4 |
| 2012-13<br>2013-14<br>2014-15 | KSA PKD8/154/16/ Dt.9-2-16 | മുഴുവൻ |
| 2015-16 | KSA PKD8/343/17dt.10-5-17 | മുഴുവൻ |
| 2016-17 | KSA PKD8/2103/2017 Dt. 22-11-2017 | മുഴുവൻ |
| 2017-18 | KSA PKD8/981/2019 Dt.17.07.2019 | മുഴുവൻ |
| 2018-19 | KSA PKD8/1599/2019 Dt.06.05.2020 | മുഴുവൻ |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

ഓഡിറ്റ് ചെയ്ത വിവിധ പത്രികകൾ

1) BALANCE SHEET

For the period from 01-April-2020 to 31-March-2021

| LIABILITIES | | |
|---|---|---|
| Reserve & Surplus | | |
| Panchayat / Municipal Fund | B-1 | 102002438.00 |
| Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| Reserves | B-3 | 80868544.00 |
| Total Reserve & Surplus | | 182870982.00 |
| Grants, Contributions for Specific Purposes | | |
| Grants, Funds & Contribution for Specific Purposes | B-4 | 20582955.00 |
| Total Grants, Contributions for Specific Purposes | | 20582955.00 |
| Loans | | |
| Secured Loans | B-5 | 0.0 |
| Total Loans | | 0.0 |
| Current Liabilities & Provisions | | |
| Deposits Received | B-7 | 368135.00 |
| Deposits Works | B-8 | 0.0 |
| Other Liabilities | B-9 | 0.0 |
| Total Current Liabilities and Provisions | | 368135.00 |
| TOTAL LIABILITIES | | 203822072.00 |
| ASSETS | | |
| Fixed Assets | | |
| Fixed Assets | B-11 | 168911739.00 |
| Accumulated Depreciation | B-11 | -13581932.00 |
| Capital Work in Progress | B-11(a) | 12959588.00 |
| Total Fixed Assets | | 168289395.00 |
| Investments | | |
| Investments-General Fund | B-12 | 0.0 |
| Total Investments | | 0.0 |
| Current Assets, Loans and Advances | | |
| Sundry Debtors (Receivables) | B-15 | 2610449.00 |
| Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | |
|---|---|---|
| Cash and Bank Balance | B-17 | 26878340.00 |
| Loans, Advances and Deposits | B-18 | 6043888.00 |
| Total Current Assets, Loans and Advances | | 0.0 |
| Total Current Assets, Loans and Advances | | 35532677.00 |
| Other Assets | | |
| Miscellaneous Expenditure (To the Extent not written off) | | |
| Miscellaneous Expenditure to be written off | B-20 | 0.0 |
| Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| TOTAL ASSETS | | 203822072.00 |

2) INCOME & EXPENDITURE STATEMENT

For the period from 1-4-2020 to 31-3-2021

| Description of Items | Schedule No | Amount |
|---|---|---|
| INCOME | | |
| Rental Income from Panchayat / Municipal Properties | 1-3 | 126480.00 |
| Fee & User Charges | I-4(b) | 91155.00 |
| Sale & Hire Charges | I-5(b) | 54655.00 |
| Revenue Grants, Funds, Contributions & Compensations / | 1-6 | 244861095.00 |
| Subsidies | | |
| Interest Earned | 1-8 | 30196.00 |
| Other Income | 1-9 | 176381.00 |
| Total Income | | 245339962.00 |
| EXPENDITURE | | |
| Establishment Expenses | I-10(b) | 2496731.00 |
| Administrative Expenses | I-11(b) | 1268948.00 |
| Operations & Maintenance | I-12(b) | 1708621.00 |
| Interest & Finance Charges | 1-13 | 298.00 |
| Decentralised Plan Programme-Productive Sector / | 1-14 | 6516725.00 |
| Programme Expenses | | |
| Decentralised Plan Programme-Service Sector | I-14(a) | 181635618.00 |
| Decentralised Plan Programme-Infrastructure Sector | I-14(b) | 11119437.00 |

| | | |
|---|---|---|
| Decentralised Plan Programme- Projects not included in | I-14(c) | 62510.00 |
| Sector Division | | |
| Expenditures of Transfered Institutions and State Sponsored | I-14(d) | 0.0 |
| Schemes (not included under Decentralized Plan Programme) | | |
| Maintenance Projects | I-14(e) | 9443409.00 |
| Depreciation | I-17(a) | 1817373.00 |
| Total Expenditure | | 216069670.00 |
| Gross Surplus/ Deficit of income over Expenditure | | 29270292.00 |
| Prior Period Item | I-18 | -7274065.00 |
| Gross Surplus/Deficit of Income over Expenditure after prior period items. | | 36544357.00 |
| Transfer to Reserve Funds | I-18(a) | 0.0 |

3) RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Description of Items | Schedule No | Amount |
|---|---|---|
| RECEIPTS | | |
| Opening Balance | | |
| Bank | RP-40(a) | 27578916.00 |
| Cash | RP-40(a) | 0.0 |
| Operating | | |
| Rental income from Panchayat Properties | RP-3 | 20680.00 |
| Fees & User Charges | RP-4 | 91155.00 |
| Sale & Hire Charges | RP-5 | 54655.00 |
| Revenue Grants, Funds, Contributions & Compensations | RP-7 | 79529808.00 |
| Interest Earned | RP-9 | 30196.00 |
| Earmarked Funds | RP-29 | 0.0 |
| Grants, Funds & Contributions for Specific Purposes | RP-31 | 3313979.00 |
| Non Operating | | |
| Other Income | RP-10 | 176381.00 |

| | | |
|---|---|---|
| Deposits Received | RP-34 | 430786.00 |
| Other Liabilities | RP-36 | 2448.00 |
| Sundry Debtors (Receivables) | RP-43 | 24900.00 |
| Loans, Advances and Deposits | RP-47 | 516653.00 |
| Grand total | | 111770557.00 |
| PAYMENTS | | |
| Operating | | |
| Establishment Expenses | RP-11 | 2496731.00 |
| Administrative Expenses | RP-12 | 1268948.00 |
| Operations & Maintenance | RP-13 | 1579621.00 |
| Decentralised Plan Programme- Productive Sector | RP-15 | 6516725.00 |
| Decentralised Plan Programme- Service Sector | RP-16 | 14852618.00 |
| Decentralised Plan Programme- Infrastructure Sector | RP-17 | 11119437.00 |
| Decentralised Plan Programme- Projects not included in | RP-18 | 62510.00 |
| Sector Division | | |
| Expenditures of Transferred institutions and State Sponsored | RP-19 | 0.0 |
| Schemes | | |
| Maintenance Projects | RP-20 | 9443409.00 |
| Grants, Funds & Contributions for Specific Purposes | RP-31 | 372645.00 |
| Other Liabilities | RP-36 | 496348.00 |
| Non Operating | | |
| Interest & Finance Charges | RP-14 | 298.00 |
| Reserves | RP-30 | 0.0 |
| Deposits Received | RP-34 | 152313.00 |
| Other Liabilities | RP-36 | 16698.00 |
| Fixed Assets | RP-38 | 12788325.00 |
| Capital work in Progress | RP-40 | 18687239.00 |
| Sundry Debtors (Receivables) | RP-43 | 2514199.00 |
| Loans, Advances and | RP-47 | 2524153.00 |

| | | |
|---|---|---|
| Deposits | | |
| Closing Balance | | |
| Bank | RP-40(b) | 26878340.00 |
| Cash | RP-40(b) | 0.0 |
| Grand Total | | 111770557.00 |